**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1606** **19-09-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം നിയോജക മണ്ഡലത്തിലെ പട്ടയം വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2025 വരെ കാലയളവിൽ റവന്യൂ വകുപ്പിൽ നിന്നും കയ്പമംഗലം നിയോജക മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് പുതുതായി പട്ടയം ലഭ്യമാക്കാൻ സാധിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ; | (എ) | 2016 മുതൽ 2025 വരെ കാലയളവിൽ റവന്യൂ വകുപ്പിൽ നിന്നും കയ്പമംഗലം നിയോജക മണ്ഡലത്തിൽ 2102 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| (ബി) | ഇനിയും പട്ടയ അപേക്ഷ സമർപ്പിച്ചവർക്ക് ആയതു എത്രയും വേഗത്തിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ” എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് പട്ടയ മിഷൻ എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതും, 19.04.2023-ലെ സ.ഉ.(കൈ) 87/2023/ആർ.ഡി നം. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപികരിച്ചിട്ടുള്ളതുമാണ്. "കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്ട് 1960-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് 1964ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ" പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് "1995 ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ" പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്.<br><br>1964 ലെയും 1995 ലെയും ഭൂമിപതിവു ചട്ടങ്ങൾ പ്രകാരം രൂപികൃതമായതും അതാത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചു വരുന്നത്. ഇത് കൂടാതെ നിലവിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വികരിച്ചു വരുന്നു. കൂടാതെ അതിദരിദ്ര കുടുംബങ്ങൾക്ക് പട്ടയം |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാരും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് തഹസിൽദാർ മുഖേന വില്ലേജ് ജനകീയ സമിതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യതയെ കുറിച്ച് അന്വേഷണം നടത്തി വരുന്നതും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതാതു വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.<br><br>നിയമപരമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. നിയമപരമായി തടസ്സങ്ങളൊന്നും ഇല്ലാത്ത കേസുകളിൽ 2025 ഡിസംബറിനുള്ളിൽ നടപടി പൂർത്തീകരിച്ച് പട്ടയം നൽകുന്നതാണ്. ബാക്കിയുള്ളവ പരിശോധിച്ച് നിയമപ്രശ്നങ്ങൾ സത്വരം പരിഹരിച്ചുകൊണ്ട് പട്ടയം നൽകുന്നതിനുള്ള നടപടി പട്ടയം മിഷന്റെ ആഭിമുഖ്യത്തിൽ സ്വീകരിക്കുന്നതാണ്. സർക്കാർ തലത്തിലും ലാൻഡ് റവന്യു കമ്മീഷണർ തലത്തിലും ഇതിനു വേണ്ടി ഓരോ മാസവും വിലയിരുത്തൽ യോഗം നടത്തി പുരോഗതി വിലയിരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ